LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ പരിശീലനം

134 [3721] ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ പരിശീലനം നൽകുന്നതിന് സ്വകാര്യ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതേവരെ എത്ര വിദ്യാർത്ഥികൾക്ക് പരിശീലനം പൂർത്തിയാക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്വകാര്യ സ്ഥാപനങ്ങളിൽ എത്ര പട്ടികജാതിക്കാർ നടത്തുന്ന സ്ഥാപനങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.

(സി) പട്ടികജാതിക്കാർ നടത്തുന്ന സ്ഥാപനങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗവൺമെന്റ് പ്രസ്സുകളിൽ നടന്ന പർച്ചേസിങ്ങിനെ സംബന്ധിച്ച പരാതി

135 [3722] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗവ.പ്രസ്സുകളിൽ നടന്ന പർച്ചേസിങ്ങിനെ കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിരുന്നുവോ;

(ബി) പരാതിയിൻമേൽ എന്തെങ്കിലുംവിധ അന്വേഷണം നടത്തിയിരുന്നുവോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പർച്ചേസിങ്ങിൽ അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തിനെക്കുറിച്ച്; പരാതിയിൻമേൽ എന്തെല്ലാം നടപടിയാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(എഫ്) കഴിഞ്ഞ പത്ത് വർഷം സർക്കാർ പ്രസ്സുകളിൽ നടന്ന പർച്ചേസുകളെ കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുവാൻ തയ്യാറാകുമോ?